10

# സ്നാനം യോഗ്യമാക്കുന്നതു

*"അപ്പൊല്ലൊാസ് കൊരിന്തിൽ, ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസൊസിൽ എത്തി,ചില ശിഷ്യന്മാരെ കണ്ടു, ... നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോ ടു ചോദിച്ചതിനു, പരിശിദ്ധാത്മാവു ഉണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. 'എന്നാൽ എതായിരുന്നു നിങ്ങളുടെ സ്നാനം എന്നു?' അവൻ അവരോടു ചോദിച്ചതിനു, 'യോഹന്നാന്റെ സ്നാനം' എന്നു അവർ പറഞ്ഞു, അതിനു പൗലോസ്, 'യോഹന്നാൻ മാനസാന്തര സ്നാനമത്രേ കഴിപ്പിച്ചു, തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു.' ഇതു കേട്ടാറെ, അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു" (പ്രവൃത്തി 19:1-5).*

പുതിയനിയമസ്നാനം നിലവിൽ വന്നു കഴിഞ്ഞാൽ യോഹന്നാന്റെ ഒരുക്ക സ്നാനം പോരായിരുന്നു. അതുകൊണ്ട് ചുരുക്കം ചിലരെങ്കിലും യോഹന്നാന്റെ സ്നാനം ഏറ്റിരുന്നവർ, പിന്നീട് ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു, തീർച്ചയായും അതു അവർ യേശുവിനെ മശിഹയായി സ്വീകരിച്ചതിന്റെ തെളിവാണ് (പ്രവൃത്തി 19:1-15), പാപമോചനത്തിനായി, അങ്ങനെ സ്നാനമേറ്റവർ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുകയും ചെയ്തു. പിന്നെ യോഹന്നാന്റെ സ്നാനം പോരാ എന്നു വ്യക്തം; അതുകൊണ്ടു, ഏതെങ്കിലും സ്നാനം പുതിയനിയമത്തിലെ *ഏക* സ്നാനമാകുന്നില്ല എന്നു ഉറപ്പിക്കാം (എഫെസ്യർ 4:5). പുതിയനിയമത്തിലെ, ആവശ്യങ്ങൾ നിറവേറ്റാത്ത സ്നാനമല്ല ആളുകൾ സ്വീകരിക്കേണ്ടത് അങ്ങനെയുള്ളവർ വീണ്ടും പുതിയനിയമ സ്നാനം ഏല്ക്കണം.

പുതിയനിയമ മദ്ധ്യസ്ഥനായ യേശുവിന്റെ മരണത്തോടു കൂടെ പുതിയനിയമം പ്രാബല്യത്തിൽ വന്നു (എബ്രായർ 9:15-17), അതിനുശേഷമാണ് പുതിയനിയമ സ്നാനം പ്രസംഗിക്കാൻ തുടങ്ങി

യത് (എബ്രായർ 12:24). പുതിയനിയമം സ്ഥാപിക്കേണ്ടതിനു പഴയനിയമത്തെ, നീക്കി (എബ്രായർ 10:9), പഴയനിയമം *യെഹൂദന്മാർക്കായിരുന്നു* (പുറപ്പാട് 34:28, 29; 1 രാജാക്കന്മാർ 8:9, 21; ആവർത്തനപുസ്തകം 5:1-5), പഴയനിയമസ്നാനമായ യോഹന്നാന്റെയും, യേശുവിന്റെയും (മത്തായി 15:24), അപ്പൊസ്തലന്മാരുടേയും സ്നാനം *ഒരുക്കശുശ്രൂഷയുടെ* ഭാഗമായിരുന്നു (മത്തായി 10:5, 6).

### സ്നാനത്തിനു മുമ്പുണ്ടാകേണ്ടതു?

**ഉപദേശം**

പുതിയ നിയമസ്നാനം, യോഹന്നാന്റേതു പോലെയാണെങ്കി ലും (ലൂക്കോസ് 3:3-13), ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. സുവിശേഷത്തെക്കുറിച്ചുളള നിർദ്ദേശങ്ങൾ കൊടുക്കണമായിരുന്നു (മർക്കൊസ് 16:15, 16). അതു സ്വീകരിച്ചവർ യേശുവിനെ കുറിച്ചു പഠിച്ചിരുന്നു (പ്രവൃത്തി 2:37, 41; 8:14; 11:1; 16:14; 18:8; 19:5).

**യേശുവിൽ വിശ്വസിക്കൽ**

ഉപദേശം മുഖാന്തരമാണ് യേശുവിലുളള വിശ്വാസം, വരേണ്ടിയിരുന്നത് (യോഹന്നാൻ 17:20; 20:30, 31; പ്രവൃത്തി 15:7; 17:11; റോമർ 10:17), ഇതു സ്നാനത്തിനു മുമ്പു നടന്നിരുന്നു (മർക്കൊസ് 16:16; പ്രവൃത്തി 8:12; 18:8; 19:4,5). വിശ്വാസമില്ലാത്ത, ഒരു പ്രവൃത്തിയും ദൈവത്തെ പ്രസാദിപ്പിക്കുന്നതല്ല (യോഹന്നാൻ 8:24; എബ്രായർ 11:6). രക്ഷ വരുന്ന *വിശ്വാസം* യേശു മശിഹയാണെന്ന് (റോമർ 10:9; 1 യോഹന്നാൻ 5:1),അവന്റെ ഉയിർത്തെഴുന്നേല്പിലും (റോമർ 10:9), രക്തത്തിലും, ഉളള വിശ്വാസം ആണ് (റോമർ 3:25; 5:9). ഈ വിശ്വാസം വരാത്ത, ഒരാൾ വെളളത്തിൽ ഇറങ്ങുന്നത് വരണ്ട പാപിയായിട്ടും കയറി വരു ന്നതു നനഞ്ഞ പാപിയായിട്ടുമായിരിക്കും.

**മാനസാന്തരം**

പെന്തെകൊസ്തുനാളിലെ പ്രസംഗം കേട്ട യെഹൂദന്മാർ വിശ്വാസത്താൽ ഇളകി ഞങ്ങൾ എന്തു ചെയ്യേണ്ടു, എന്നു ചോദിച്ചപ്പോൾ പത്രൊസ് അവരോട്, മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നു പറഞ്ഞു (പ്രവൃത്തി 2:38). മാനസാന്തരം എന്നതു ചിന്തയിൽ മാറ്റം വരു ത്തി അതു ജീവിത മാറ്റത്തിലേക്കു നയിക്കുന്ന ഒന്നാണ് (മത്തായി 3:8; പ്രവൃത്തി 3:19; 26:20).

ഖേദവും, വേദനയും, ദുഃഖവും അനുതാപവും ഹൃദയത്തിലുണ്ടാ

കുന്നതു മാനസന്തരമല്ല; എങ്കിലും, അത്തരം വികാരങ്ങൾ മാനസാന്തരത്തിലേക്കു നയിക്കാം (2 കൊരിന്ത്യർ 7:8, 9). ഒരാൾ തന്റെ ജീവിതത്തെ മാറ്റുവാനായി തീരുമാനം എടുക്കുന്നതു മാനസാന്തരപ്പെടുമ്പോഴാണ് (റോമർ 6:4). ആ തീരുമാനത്തിന്റെ *മുദ്രയാണ്* സ്നാനം, യേശുവിനു വേണ്ടി പുതിയ ജീവിതം നയിക്കാമെന്ന ഉറപ്പും സമർപ്പണവും ഒപ്പിട്ടു നൽകുന്നതുപോലെയാണ്.

**ഏറ്റു പറച്ചിൽ**

സ്നാനവും ഏറ്റു പറച്ചിലും നേരിട്ടു ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്ന ഏക വാക്യം പ്രവൃത്തി 8:37 ആണ്. ഈ വാക്യത്തെക്കുറിച്ചു ഹ്യൂഗോ മെക്കോർഡ് എഴുതി,

> ചില പുരാതന കൈയ്യെഴുത്തു പ്രതികളിൽ നിന്നു 37-ാം വാക്യത്തിന്റെ അഭാവം വിമർശകരെ അതു നിരസിക്കാൻ കാരണമായിട്ടുണ്ട്. പുരാതന എഴുത്തുകളിൽ 6-ാം നൂറ്റാണ്ടിലേതും ,രണ്ടാം നൂറ്റാണ്ടിലെ ഐറേനിയസിന്റേതും കണ്ടെടുത്തിട്ടുണ്ട്. മറിച്ചു ,ആന്തരിക തെളിവിൽ, ആ വാക്യത്തിലെ സ്ഥാനം ഇല്ലെങ്കിൽ അ വിടെ പെട്ടെന്നു വിടവു വരുന്നതായി അനുഭവപ്പെടും. തനിക്കു സ്നാനമേല്ക്കുവാൻ, എന്തു വിരോധം എന്നു ഐത്യോപ്യക്കാരൻ, ഫിലിപ്പോസിനോടു ചോദിച്ചു. ഉത്തരത്തിനു കാത്തു നിൽക്കാതെ, തേർ നിർത്തുവാൻ കല്പിച്ചു സ്നാനത്തിനു തയ്യാറായി. ഈ വാക്യം കൂടെ ഉൾപ്പെടുത്തിയാൽ വിവരണങ്ങൾ യോജിപ്പുള്ളതായി തീരുന്നു. അതിനു പുറമെ പ്രവൃത്തി 8:37ലെ ഏറ്റു പറച്ചിൽ പുതിയ നിയമ ഭാഗങ്ങളോടും യോജിക്കുന്നു (റോമർ 10:9, 10; ഫിലിപ്പിയർ 2:11; 1 തിമൊഥെയോസ് 6:13; 1 യോഹന്നാൻ 4:15).[1]

യേശുവിനെ കർത്താവെന്നു ഏറ്റു പറയുന്നതു (റോമർ 10:9), വിശ്വാസവും സ്നാനവും എന്നപോലെ രക്ഷയ്ക്കു മുമ്പായി ദൈവം ആവശ്യപ്പെടുന്നവയിൽ ഒന്നാണ് (മർക്കൊസ് 16:16). യേശുവിലുള്ള വിശ്വാസം ഒരാൾ ഏറ്റു പറഞ്ഞില്ലെങ്കിൽ സ്നാനപ്പെടുത്തുന്ന ആൾക്കു അയാൾ വിശ്വസിക്കുന്നുണ്ടോ എന്നെങ്ങനെ അറിയാൻ പറ്റും?

*ean* എന്നതിന്റെ ഗ്രീക്കു ഘടന ("എങ്കിൽ") അനുബന്ധമായ *omologeses* ("*ഏറ്റു പറയുക,*" റോമർ 10:9). സൂചിപ്പിക്കുന്നതു രക്ഷിക്കപ്പെടുവാൻ ഒരിക്കലായി ഏറ്റു പറയുക എന്നതാണ്. ഫങ്ക്[2] വിവരിച്ചതു ഇത്തരം അനുബന്ധ ക്രിയ ഉപയോഗിച്ചിരിക്കുന്നത്, "നിരന്തരമായി അല്ലെങ്കിൽ തുടർന്നു ചെയ്യേണ്ട ഒന്നായിട്ടല്ല," മറിച്ചു *ഒരിക്കൽ* മാത്രം ചെയ്യേണ്ട പ്രവൃത്തിയാണ്. അത് സ്നാനത്തിനു മുമ്പ് യേശുവിനെ കർത്താവു എന്നു ഏറ്റു പറയുന്നതാണ്.

റോമർ 10:9ലെ "യേശുവിനെ കർത്താവെന്നു" ഏറ്റു പറയു

ന്നതിനെ ശരിയായിത്തന്നെ ബോസ്‌ലെ - മുറേ പറയുകയുണ്ടായി. സ്നാനം ആഗ്രഹിക്കുന്ന ഒരാളുടെ അധരത്തിൽ നിന്നു വരേണ്ടതാണ് ഏറ്റു പറയൽ. അയാൾ പറഞ്ഞത് മത്തായി 28:18ഉം ദാനിയേൽ 7:13, 14ഉം ''തമ്മിലുള്ള ബന്ധം ലളിതമായ ഏറ്റു പറച്ചിലിൽ ചുരുക്കിയിരിക്കുന്നു 'യേശു കർത്താവാകുന്നു,' എന്നാണ് ദൈവം മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനിലുള്ള വിശ്വാസത്താൽ സ്നാനമേൽക്കുമ്പോൾ ഏറ്റു പറയുന്നത്."[3]

പിന്നീട്, അയാൾ റോമർ 10:9,10-നെ കുറിച്ച് എഴുതിയത്,

> വിശ്വാസം കർത്താവിലേയ്ക്ക് തിരിയുന്ന ഉദ്ദേശത്തിനു അല്ലെങ്കിൽ നീതി എന്ന ഫലം ലഭിക്കേണ്ടതിന്, രക്ഷ, കിട്ടേണ്ടതിനാകുന്നു, ഏറ്റു പറയേണ്ടത്. ദാനം ലഭിക്കുന്ന സമയം പറഞ്ഞിട്ടില്ല പക്ഷെ അതിന്റെ ആവശ്യവുമില്ല, വിശ്വാസം കർത്താവിങ്കലേയ്ക്കു തിരിയുന്നത് കൃപ അന്വേഷിക്കുമ്പോഴാണ്. സ്നാനത്തിൽ ഏറ്റു പറച്ചിൽ നടത്തുമ്പോൾ ദൈവത്തിന്റെ രക്ഷ കൃപയാൽ ലഭിക്കുന്നു.[4]

ഈ ചർച്ചയെക്കുറിച്ച്, അയാൾ എഴുതി,

> റോമർ 10:9-ലെ സുവിശേഷ പ്രസ്താവന നാം ഓർക്കുന്നു. അതിൽ സ്നാനപ്പെടുമ്പോൾ, "യേശു കർത്താവാകുന്നു." എന്നു ഏറ്റു പറയുന്നു. മനുഷ്യനിൽ നിന്നു യേശുക്രിസ്തു കർത്താവെന്ന വിശ്വാസവും ഏറ്റു പറച്ചിലും ദൈവം പ്രതീക്ഷിക്കുന്നു, സന്തോഷത്തോടെ അവന്റെ മരണം ഉയിർപ്പ്, എന്നിവയിൽ പങ്കു ചേരുവാൻ സ്നാനമേല്ക്കു കയും ചെയ്യുന്നു. കർത്താവിന്റെ അതിരില്ലാത്ത കൃപയിലേയ്ക്കും വീണ്ടെടുപ്പിലേയ്ക്കും ഒരാളെ എത്തിയ്ക്കുന്നത് ശരിയായ വിശ്വാസമാണ്. സ്നാനത്തിൽ സുവിശേഷ പ്രഖ്യാപനവും കേൾവിയാലുള്ള വിശ്വാസവും വേർപിരിക്കാനാകാത്തവിധം യോജിക്കുന്നു. ഒരേ സമയത്ത് ഒരു പരവൃത്തിയും മനുഷ്യന്റെ വിശ്വാസവും ദൈവത്തിന്റെ കൃപയും യോജിച്ചു പ്രവൃത്തിയ്ക്കുന്നു.[5]

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം പ്രകടിപ്പിക്കുന്നതാണ് യേശു കർത്താവെന്നു ഏറ്റു പറയുന്നതും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നതും.

### ശിശു സ്നാനമോ?

പുതിയനിയമത്തിൻ കീഴിൽ, ഒരാൾ സ്നാനപ്പെടുവാൻ ഇച്ഛിച്ചാൽ അയാളെ സുവിശേഷം പഠിപ്പിക്കുകയും, അവന്റെ പാപ ങ്ങളുടെ മോചനത്തിന്, യേശുക്രിസ്തുവിന്റെ രക്തത്തിൽ വിശ്വ സിക്കുകയും യേശുവിലുള്ള പുതിയ ജീവിതത്തിനായി സമർപ്പിക്കു കയും

ഉയർത്തെഴുന്നേറ്റ യേശുവിനെ കർത്താവും മശിഹയും എന്ന് ഏറ്റു പറഞ്ഞുകൊണ്ടുമാവണം ചെയ്യേണ്ടത്. ഈ ആവശ്യങ്ങൾ നിറ വേറ്റുവാൻ ശിശുക്കൾക്ക് സാധ്യമല്ല.

*ആദ്യമായി*, ശിശുക്കൾ പാപികളല്ല. അവർ ധാർമ്മികമായും ആത്മികമായും ഉള്ള തത്വങ്ങൾക്ക് അജ്ഞരാണ് (ആവർത്തനപുസ്തകം 1:39; യെശയ്യാവ് 7:16) അതുകൊണ്ട് അവരിൽ പാപമില്ല (യോഹന്നാൻ 9:41). അവർ അവരുടെ മാതാപിതാക്കളുടെ കുറ്റങ്ങൾ വഹിക്കുന്നില്ല, ഓരോരുത്തനും അവനവന്റെ പ്രവൃത്തിയ്ക്കനുസരിച്ച് ഒന്നുകിൽ നീതിമാൻ അല്ലെങ്കിൽ ദുഷ്ടൻ (യെഹെസ്ക്കേൽ 18:20). ശി ശുക്കളെ പോലെ ഉള്ളവരുടേയതല്ലോ സ്വർഗ്ഗരാജ്യം (മത്തായി 19:14).

*രണ്ടാമത്*, ശിശുക്കൾ ആരംഭ പാപത്തോടുകൂടി ജനിക്കുന്നു എന്ന് ചില വാക്യങ്ങളെ എടുത്തുകൊണ്ടോ ശരിയല്ലാത്ത തർജ്ജിമ കൊണ്ടോ ആളുകൾ തെളിയിക്കാൻ ശ്രമിക്കുന്നുണ്ട്. സങ്കീർത്തനങ്ങൾ 51:5, അക്ഷരികമായി തർജ്ജിമ ചെയ്തു പറയുന്നു, "ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി,പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു."[6] മിക്കവാറും എല്ലാ തർജ്ജിമകളും ഇതിനോടു യോജിക്കുന്നു, ചിലതൊഴിച്ച് (NIV യും NRSV, ഇവിടെ ജന്മപാപ ഉപദേശത്തിലേയ്ക്കു തർജ്ജിമ ചെയ്തിരിക്കുന്നതു നോക്കുക). ദാവീദ് തന്റെ ജനനത്തി നുശേഷമുള്ള, അവസ്ഥയെകുറിച്ചു പറയുക *യല്ല* മറിച്ച് അവൻ ജനിച്ചു വീണ പരിതസ്ഥിതിയെകുറിച്ചു വിലപിക്കുകയാണ്. ദാവീദ് ഒരു പാപി യായി ജനിച്ചു എന്നു അതു പറയു*ന്നില്ല*.

പദ്യ രൂപേണ, ദാവീദിന്റെ പരാതിയായി ഒരാൾ ഇങ്ങനെ പറഞ്ഞേക്കാം, "മൊണ്ടാനയിലെ മഞ്ഞു കാറ്റിലും; മരവിച്ച ശൈത്യ ത്തിലുമാണ് ഞാൻ ജനിച്ചത്. അതുകൊണ്ട് ഈ കുഴപ്പം പിടിച്ച കാലാ വസ്ഥയിൽ അതിശയിക്കാനില്ല." അത്തരം പ്രസ്താവന അർത്ഥമാ ക്കുന്നത് അയാൾ മഞ്ഞുകട്ടയിലാണ് ജനിച്ചു വീണതെന്നല്ല, പിന്നെ യോ തനിക്കു പ്രിയമല്ലാത്ത സാഹചര്യത്തിൽ തുടർന്നു ജീവിക്കേണ്ടി യിരിക്കുന്നു എന്ന് വ്യക്തിപരമായി വരച്ചു കാണിക്കുന്നു.

ലെസ്ലി എസ്സ്. മെക്കൊ പറഞ്ഞു, "ഭൗതികമായ ഒരു ഗർഭം കാരണം പാപപങ്കിലമായ സാഹചര്യത്തിലേയ്ക്കു വരേണ്ടി വന്നു. ലളിതമായ ആ വാക്യത്തിന്റെ അർത്ഥം മനുഷ്യ വർഗ്ഗത്തിൽ ഒരംഗ മായി തീരുന്നതിനാൽ പാപത്തിന്റെ കെട്ടുപിണഞ്ഞ യാഥാർത്ഥ്യത്തി ലേയ്ക്കു നാം കടന്നു വരുന്നു."[7]

ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫലമായി മരണം, പ്രസവവേദന, ഭൂമി ശപിക്കപ്പെട്ടു, നന്മതിന്മകളെകുറിച്ചുള്ള അറിവ് എന്നിവയുണ്ടായി (ഉല്പത്തി 3:1–22), എന്നാൽ പാരമ്പര്യമായ കുറ്റമോ മലിനസ്വഭാവമോ അവരുടെ ജീവിതത്തിലേയ്ക്കു വരു*ന്നില്ല*.

അതുപോലെ, ഒരു കുട്ടിക്കു പീഡിപ്പിക്കുന്നതിന്റെ ഫലമായി വേദന ഏല്ക്കേണ്ടി വരുന്നു. അല്ലാതെ കുറ്റം വഹിക്കേണ്ടതില്ല. അതുപോലെ, നാമും ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ *കുറ്റം വഹിക്കേണ്ടതില്ല.* ന്യായവിധിനാളിൽ ഓരോരുത്തൻ അവനവന്റെ പ്രവൃത്തിയ്ക്കു കണക്കുകൊടുക്കണം (2 കൊരിന്ത്യർ 5:10).

നന്മതിന്മകളെ കുറിച്ചുള്ള അറിവ് അല്ല അവരെ മലിനപ്പെടുത്തിയത്, ദൈവം പറഞ്ഞു, ''മനുഷ്യൻ നന്മതിന്മകളെ അറിവാൻ, തക്കവണ്ണം നമ്മിൽ ഒരുത്തനെ പോലെ, ആയിതീർന്നിരിക്കുന്നു'' (ഉല്പത്തി 3:22). ദൈവത്തിന്റെ നന്മതിന്മകളെ കുറിച്ചുള്ള അറിവു അവനെ മലിനമാക്കി എന്നു ആരും പറകയില്ല. ധാർമ്മികമായ തിരഞ്ഞെടുപ്പിനുള്ള അവസരമാണ് ആ അറിവു മൂലം കിട്ടിയത് (യെശയ്യാവ് 7:16), സ്വയം - തൃപ്തിപ്പെടുത്തുവാനുള്ള ആഗ്രഹവും പിശാ ചു കൊണ്ടുവരുന്ന പരീക്ഷണവും നിമിത്തം ആ ഉത്തരവാദിത്വം ശരി യായി നിർവ്വഹിപ്പാൻ മനുഷ്യനു കഴിയാതെ വരുന്നു.

*മൂന്നാമതു*, ശിശുക്കൾക്കു ആത്മാക്കൾ ലഭിക്കുന്നതു ദൈവ ത്തിൽ നിന്നാണ് (സഭാപ്രസംഗി 12:17; സെഖര്യാവ് 12:1), ആത്മാക്കളുടെ പിതാവ് (എബ്രായർ 12:9). ദൈവം തിന്മയുടെ ഉറവിടം അല്ലായ്കയാൽ ഈ ലോകത്തിലേയ്ക്കു വരുന്ന, ഓരോരുത്തരിലും ദുഷ്ടാത്മാവിനെ നൽകുകയില്ല.

*നാലാമതു*, ശിശുക്കളെ സ്നാനപ്പെടുത്തിയ കീഴ്വഴക്കം ബൈബിളിൽ കാണുന്നില്ല. ഭവനം ഒക്കെയും എന്നു പറഞ്ഞിരിക്കുന്നതിലും ഒഴിവു കഴിവില്ല. വിശ്വസിച്ചവരും സ്നാനമേറ്റവരും ''സ്ത്രീകളും പുരുഷന്മാരും'' ആയിരുന്നു (പ്രവൃത്തി 8:12), ഈ പദപ്രയോഗത്തിൽ കുട്ടികൾ ഉൾപ്പെടുന്നില്ല.

''കുടുംബം'' അല്ലെങ്കിൽ ''ഭവനം'' എന്നത് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത് സാധാരണയായി പ്രായപൂർത്തിയായവരെ ഉദ്ദേശിച്ചാണ്, കുട്ടികളെയല്ല. യിസ്രായേൽ ജനത്തിന് ''യോസേഫ് ആഹാരം വെച്ചു പോയത് ശ്രദ്ധിക്കുക'' (ഉല്പത്തി 47:24). എല്ലാ കാര്യത്തിലും ''കുടുംബം'' അല്ലെങ്കിൽ ''ഭവനം'' എന്നത് ആളുകളുടെ സംഘത്തെ സൂചിപ്പിക്കുന്നു, സന്ദർഭം വ്യക്തമായി സൂചിപ്പിക്കുന്നത് കുട്ടികളെ ഉൾപ്പെടുത്താതെയാണ് (യോഹന്നാൻ 4:53; ഫിലിപ്പിയർ 4:22; തിത്തൊസ് 1:11; എബ്രായർ 11:7), കുട്ടികൾക്കു മേൽ വിവരിച്ച വാക്യങ്ങളിലെ കാര്യങ്ങൾ ചെയ്യാൻ മാനസികമായി കഴിവില്ല.

അതുപോലെ തന്നെ കുടുംബ പരിവർത്തനങ്ങൾ എന്നറിയപ്പെടുന്നതിലും വാസ്തവമാണ്:

(1) യിസ്രായേൽ ഗൃഹം (പ്രവൃത്തി 2:36) പത്രൊസിൽ നിന്നു പഠിച്ചു (പ്രവൃത്തി 2:14-36) വരെ, എന്തു ചെയ്യണമെന്ന് അവർ ചോദിച്ചു (പ്രവൃത്തി 2:37), നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് യേശു

ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്ന് അവരോടു പറഞ്ഞു (പ്രവൃത്തി 2:38), അങ്ങനെ വചനം കൈക്കൊണ്ടവർ സ്നാനമേറ്റു. ശിശുക്കളിൽ മോചിക്കപ്പെടുവാൻ പാപമില്ലാതിരുന്നതു കൊണ്ട് ഈ ഭാഗത്തു പറഞ്ഞതനുസരിച്ചു പ്രതികരിക്കുവാൻ കഴിയുമായിരുന്നില്ല, അതുകൊണ്ട് പ്രവൃത്തി 2:41ലെ സ്നാനങ്ങളിൽ കുട്ടികൾ ഉൾപ്പെട്ടിരുന്നില്ല.

(2) കൊർന്നെല്യോസിന്റെ ഭവനം ഭയപ്പെട്ടു (പ്രവൃത്തി 10:2), സന്ദേശം കേൾക്കുവാൻ ഇരുന്നു (പ്രവൃത്തി 10:33), വചനം കൈക്കൊണ്ടു (പ്രവൃത്തി 11:1), അന്യഭാഷയിൽ സംസാരിച്ചു (പ്രവൃത്തി 10:44–46), അവരെ സ്നാനപ്പെടുത്തുവാൻ കല്പിച്ചു (പ്രവൃത്തി 10:48). ഈ പ്രവൃത്തികളിലും കുട്ടികൾ ഉൾപ്പെട്ടിരുന്നില്ല.

(3) ലുദിയയും കുടുംബത്തെ സൂചിപ്പിച്ച് "അവളുടെ ഭവനം" "എന്റെ ഭവനം" (പ്രവൃത്തി 16:15) എന്നു പറയുന്നത് വ്യക്തമാക്കുന്നത് അവൾക്ക് ഭർത്താവില്ലായിരുന്നു എന്നാണ്. അല്ലെങ്കിൽ, "ഞങ്ങളുടെ" ഭവനം എന്നു പറയുമായിരുന്നു അവൾ വിവാഹം കഴിച്ചതായും കുട്ടികൾ ഉള്ളതായും തെളിവൊന്നും ഇല്ല.

(4) പൗലൊസ് ഫിലിപ്പിയയിലെ കാരാഗൃഹ പ്രമാണിയുടെ ഭവനത്തിലുള്ള എല്ലാവരോടും കർത്താവിന്റെ വചനം സംസാരിച്ചു (പ്രവൃത്തി 16:32). അവൻ സ്നാനമേറ്റശേഷം, വിശ്വസിച്ചതിൽ വീടടക്കം സന്തോഷിച്ചു (പ്രവൃത്തി 16:34). ഈ പ്രവൃത്തികൾ ഒന്നും ശിശുക്കൾക്കു ചെയ്യാൻ സാദ്ധ്യമല്ല.

(5) ക്രിസ്പോസ് തന്റെ *സകല* കുടുംബത്തോടും കർത്താവി ൽ വിശ്വസിച്ചു (പ്രവൃത്തി 18:8). ശിശുക്കൾക്കു വിശ്വസിക്കുവാനുള്ള കഴിവില്ലാത്തതുകൊണ്ട് ക്രിസ്പോസിന്റെ ഭവനത്തിൽ സ്നാനപ്പെട്ടവരിൽ ശിശുക്കൾ ഉൾപ്പെടുന്നില്ല എന്നു സ്പഷ്ടം (1 കൊരിന്ത്യർ 1:14).

(6) സ്തെഫാനോസിന്റെ ഭവനക്കാരെ പൗലോസ് സ്നാനപ്പെടുത്തി (1 കൊരിന്ത്യർ 1:16). ഈ ഭവനം ക്രിസ്ത്യാനികളെ ശുശ്രൂഷിക്ക യും ചെയ്തിരുന്നു (1 കൊരിന്ത്യർ 16:15), ശിശുക്കൾക്കു ചെയ്യാൻ പറ്റാ ത്ത കാര്യം തന്നെയാണിത്.

വീടടക്കം സ്നാനപ്പെട്ടവരുടെ കാര്യം എടുത്തുകൊണ്ട് ശിശുക്കളുടെ സ്നാനത്തെ ന്യായീകരിക്കുന്നവരുടെ വാദം വെറും ഊഹാപോഹം മാത്രമാണ്. പുതിയനിയമ സ്നാനം, യോഗ്യമാക്കുന്നവ ശിശുസ്നാനത്തിനു കഴിയുകയില്ല. ശിശുക്കൾക്കു മോചിക്കപ്പെടേണ്ട പാപമില്ല (പ്രവൃത്തി 2:38; 22:16). പുതിയനിയമ സ്നാനത്തിനു മുൻപു ആവശ്യപ്പെടുന്നതു നിറവേറ്റാൻ ശിശുക്കൾക്കു സാദ്ധ്യമല്ല.

### പരിഛേദനയും സ്നാനവും തുല്ല്യമോ?

സ്നാനത്തെയും പരിഛേദനയേയും സമാന്തരമായെടുത്ത് ശിശു

സ്നാനത്തെ ന്യായീകരിക്കുന്നവരുണ്ട്, അവർ പറയുന്നതു ഇതു രണ്ടും ദൈവത്തോടുള്ള ഉടമ്പടിയുടെ ബന്ധത്തിലുള്ളതാണെന്നാണ്. ബൈബിളിൽ താരതമ്യം ചെയ്തിട്ടുണ്ട്, പക്ഷേ സമാന്തരമായി പഠിപ്പിക്കു*ന്നില്ല*, പരിഛേദന നടത്തിയിരുന്നതു ജനിച്ച് 8 ദിവസം പ്രായമായ ആൺകുട്ടികളെയാണ് (ലേവ്യാപുസ്തകം 12:3) എന്നാൽ സ്നാനം ദൈവമക്കളാക്കുന്ന (ഉല്പത്തി 17:7-11) *ആത്മീയ ജനനമാണ്* (യോഹന്നാൻ 3:3-5; ഗലാത്യർ 3:26, 27). ദൈവം പിന്നെ അയാളെ സ്വന്തമായി പരിശുദ്ധാത്മദാനം കൊണ്ടു മുദ്രയിടുന്നു (2 കൊരിന്ത്യർ 1:22; ഗലാത്യർ 4:6; എഫെസ്യർ 1:13, 14; പ്രവൃത്തി 2:38). ജഡം നീങ്ങിപോകുന്നതുകൊണ്ട് പരിഛേദനയെ സ്നാനവുമായി താരതമ്യം ചെയ്തിരിക്കുന്നു. പരിഛേദനയിൽ അഗ്രചർമ്മം അക്ഷരികമായി നീങ്ങുന്നു, സ്നാനത്തിൽ അതു ദൃഷ്ടാന്തരമായ നീക്കമാണ് സംഭവിക്കുന്നത് (കൊലൊസ്യർ 2:11, 12). സ്നാനവും പരിഛേദനയും തമ്മിലുള്ള ഈ സാദൃശ്യം ഒരിക്കലും തുല്യമോ സമാന്തരമോ അല്ല. ഒരാൾ ഹൃദയപൂർവ്വം അനുസരിച്ചു സ്നാനമേല്ക്കുമ്പോൾ അയാളുടെ കഴിഞ്ഞ കാല പാപശരീരത്തിനു നീക്കം വരും. പരിഛേദനയിൽ ഒരു ശിശു വിന്റെ അഗ്രചർമ്മമാണ് പരിഛേദന ചെയ്യുന്നത്. ആ പ്രവൃത്തിക്കു പ്രത്യേകമാറ്റം ജീവിതത്തിൽ വരുത്താൻ കഴിയുന്നില്ല. പക്ഷേ സ്നാനത്തിൽ ആത്മീയ ജനനം സംഭവിക്കുന്നതുകൊണ്ടു ആത്മീയജീവിതത്തിലേക്കു, മാറുന്നു. എന്നാൽ പരിഛേദനയിൽ ഭൗതികമായി ജനിച്ച നിസാരമായ അല്പം ചർമ്മം നീങ്ങുന്നു എന്നു മാത്രം.

യിസ്രായേൽ ജനം ജനനം കൊണ്ടു, ദൈവത്തിന്റെ നിയമമുള്ള ജനമായി തീരുന്നു; പരിഛേദനയാൽ അവരെ മുദ്രയിടുകയും ചെയ്യുന്നു. സ്നാനം ഇന്നു ദൈവത്തിന്റെ നിയമമുള്ള ജനമാക്കുന്നു. പരിശുദ്ധാത്മാവുകൊണ്ടു നമ്മെ മുദ്രയിട്ടിരിക്കയാണ്. പഴയനിയമത്തിലെ ഭൗതിക യാഥാർത്ഥ്യങ്ങൾ പുതിയനിയമത്തിലെ, ആത്മീയ യാഥാർത്ഥ്യങ്ങളുടെ നിഴലായിരുന്നു. അതുകൊണ്ട് *ഭൗതികജനനശേഷം* ശിശുക്കൾക്കു കൊടുക്കുന്ന പരിഛേദനയും സ്നാനത്തിൽ നടക്കുന്ന *ആത്മീയ ജനനവും* പരിശുദ്ധാത്മാവുകൊണ്ടുള്ള മുദ്രയും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇതു സ്നാനവും പരിഛേദനയും തുല്യമാണെ*ന്നല്ല* കാണിക്കുന്നത്; സ്നാനം ജനനമാണ്, പരിഛേദന എന്ന അടയാളമാണ്, പരിശുദ്ധാത്മാവ് എന്ന മുദ്രയായി സമാന്തരമായി പറഞ്ഞിരിക്കുന്നത്.

### സ്നാനമെന്ന പ്രവൃത്തി എന്താണ്?

സ്നാനം തളിക്കലോ, കോരി ഒഴിക്കലോ അതോ മുങ്ങലോ എന്നതാണ് പരിഗണിക്കേണ്ട മറ്റൊന്ന്. മിക്ക പണ്ഡിതന്മാരും, *ബാപ് റ്റിസോ* എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം മുങ്ങൽ എന്നാണെന്നു സമ്മതിക്കു

ന്നുണ്ട്. ഡിക്ഷ്ണറികളും സർവ്വവിജ്ഞാനകോശങ്ങളും മതപരമായ ചിന്തകൾക്കു പുറത്താണ്. പദോൽപ്പത്തി ശാസ്ത്രത്തിൽ (ചരിത്രപുരോ ഗമനം) "ബാപ്ടൈസ്," എന്നതു ഏകകണ്ഠമായി പറയുന്നതു, മിഡിൽ ഇംഗ്ലീഷിൽ നിന്നു വളർന്നു വന്നു *ബാപ്റ്റിസെൽ* ആയി അതിൽനിന്നു പഴയ ഫ്രഞ്ച് *ബാപ്റ്റിസർ,* ആയി അതിൽ നിന്നു ലെയിറ്റ് ലാറ്റിൻ *ബാപ്റ്റെസെയർ* എന്നും ഗ്രീക്കിൽ നിന്നു *"ബാപ്റ്റൈസെയിൽ"* എന്നും വന്നു അർത്ഥം "മുക്കൽ" എന്നാണ്.

അധികം വെർഷൻസും ''ബാപ്റ്റൈസ്'' എന്നതിന്റെ ഗ്രീക്ക് തർജ്ജിമയായ *ബാപ്റ്റിസോ* ഉപയോഗിക്കുന്നില്ല. "സ്നാനം" എന്നതിന് ഗ്രീക്ക് ഡിക്ഷണറികൾ നല്കുന്ന "ബാപ്റ്റൈസ്"[8] ആണ് "സ്നാനം."

*ബാപ്റ്റിസോ* എന്നതിന്റെ അർത്ഥം മനസിലാക്കുവാനുള്ള നല്ല വഴി പുതിയ നിയമത്തിലെ അതിന്റെ ഉപയോഗം പരിഗണിക്കലാണ്. അതിന്റെ അർത്ഥമായ "മുങ്ങൽ" ആണ് സന്ദർഭം അനുകൂലിക്കുന്നത്. യോഹ ന്നാൻ ആളുകളുടെ അടുക്കലേക്കു വെള്ളം കൊണ്ടുവരികയായിരു ന്നില്ല. ആളുകൾ അവനാൽ സ്നാനം എല്ക്കേണ്ടതിന്നു യോർദ്ദാൻ നദിയിലേക്കു വരികയായിരുന്നു (മത്തായി 3:6). അധികം വെള്ളമുള്ള സ്ഥലമാണ് യോഹന്നാൻ തെരെഞ്ഞെടുത്തത് (യോഹന്നാൻ 3:23) പുതിയനിയമസ്നാനത്തിൽ ആളുകൾ വെള്ളത്തി ലേക്കു വരികയും വെള്ളത്തിൽ ഇറങ്ങുകയും വെള്ളത്തിൽ നിന്നു കയറുകയും ചെയ്തിരുന്നു (മത്തായി 3:16; മർക്കൊസ് 1:10; പ്രവൃത്തി 8:38, 39) സ്നാനത്തിനു വെള്ളം കോരി ഒഴിച്ചാലോ തളിച്ചാലോ മതി യെങ്കിൽ അത്തരം പ്രവൃത്തികൾ ആവശ്യമില്ലാത്തതും അസൗകര്യ വുമായി തീരുമല്ലോ.

പൗലോസ് സ്നാനത്തെ യേശുവിന്റെ അടക്കവും ഉയിർ പ്പുമായി താരതമ്യം ചെയ്യുന്നുണ്ട് (റോമർ 6:4; കൊലൊസ്യർ 2:12). തളിക്കലിനോ, കോരി ഒഴിക്കലിനോ യേശുവിന്റെ അടക്കത്തിലും ഉയിർപ്പിലും പങ്കുചേരാൻ സാദ്ധ്യമല്ല. ദി *കൺഫ്രാറ്റേണിറ്റി* ട്രാൻ സിലേഷൻ ഓഫ് ദി ബൈബിൾ റോമർ 6:4 നെ പറ്റി പറയുന്നു, "പ്രാഥമിക സഭയിൽ സാധാരണ സ്നാനം വിശുദ്ധ പൗലോസ് മുങ്ങൽ ആയി വിവരിക്കുന്നുണ്ട്. ഒരു ശ്രീരം കല്ലറയിലേയ്ക്കു ഇറക്കു ന്നതു സൂചിപ്പിക്കുകയാണ് സ്നാനത്തിനു വെള്ളത്തിൽ ഇറങ്ങുന്നത്, വെള്ളത്തിൽ നിന്നു കയറുന്നത്, പുതിയ ജീവനു വേണ്ടി യുള്ള ഉയർ പ്പുമാണ്. സ്നാനത്തെ ഒരു ചടങ്ങിനും അടയാളത്തിനും അപ്പുറം പ്രാധാന്യത്തോടെയാണ് വിശുദ്ധ പൗലോസ് കാണുന്നത്."[9]

*ദി ന്യൂ ടെസ്റ്റമെന്റ് ഓഫ് ദി ജെറുശലേം ബൈബിൾ* റോമർ 6:3–9 വിവരിക്കുന്നത്, ''പാപി വെള്ളത്തിൽ സ്നാനപ്പെട്ടു (പദോൽ പ്പത്തിയുടെ അർത്ഥം 'ബാപ്റൈസ്' 'മുങ്ങുക' എന്നാണ്)."[10]

ചില ആളുകൾ സ്നാനം മുങ്ങൽ ആയിട്ടോ, തളിക്ക ലായിട്ടോ,

കോരിഒഴിക്കലായിട്ടോ എങ്ങനെ ആയാലും കുഴപ്പമില്ല എന്ന നിലപാടിലാണ്. സ്നാനം എന്ന വാക്കിന്റെ അർത്ഥം വ്യക്തമാക്കിയിരിക്കുമ്പോൾ കോരിഒഴിച്ചും, തളിച്ചും സ്നാനപ്പെടുത്തുന്നതു ദൈവം സ്വീകരിക്കുമോ ഇല്ലയോ എന്ന് ആർക്കറിയാം? ഒരുപക്ഷേ യേശുവിന്റെ ഒരു പ്രസ്താവന ഇതിനു നമ്മെ സഹായിച്ചേക്കാം: "അത്യുല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യുല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ" (ലൂക്കോസ് 16:10). ഒരാൾ നിസാരമെന്നു കരുതുന്ന കാര്യത്തെ മാറ്റുവാൻ തയ്യാറായാൽ, തനിക്കു യോജിക്കാൻ പറ്റാത്ത മറ്റു ഉപദേശങ്ങളെ അയാൾ മാറ്റുമോ? (മത്തായി 5:19 നോക്കുക.)

### സ്നാനം കൊടുക്കുന്ന ആളോ?

സ്നാനം കൊടുക്കുന്ന ആളുടെ മനോഭാവമോ ആത്മീയാവസ്ഥയൊ നോക്കിയല്ല, സ്നാനത്തിന്റെ ഫലം കണക്കാക്കുന്നതു. അങ്ങനെയെങ്കിൽ അയാൾ സ്നാനമേല്ക്കുമ്പോൾ അയാളുടെ പാപങ്ങൾ മോചിക്കപ്പെട്ടോ ഇല്ലയോ എന്ന് അയാൾക്ക് ഒരിക്കലും അറിയാൻ സാധ്യമല്ല. സ്നാനകർത്താവിന്റെ യോഗ്യതകളെ കുറിച്ചു ബൈബിളിൽ ഒന്നും പറയുന്നില്ല പകരം, സ്നാനപ്പെടുന്ന വ്യക്തിയുടെ പ്രാധാന്യത്തെയാണ് നമുക്കു മനസ്സിലാക്കി തരുന്നത്. സ്നാനപ്പെടുന്ന ആളുടെ സമർപ്പണം മുഖ്യമാണ്. സ്നാനപ്പെടുന്ന ആൾക്കു അതിന്റെ ഗുണം ലഭിക്കണമെങ്കിൽ അയാൾ ഹൃദയ പൂർവ്വം അനുസരിക്കണം (റോമർ 6:17–18).

വിശ്വാസത്തോടും സമർപ്പണത്തോടും സ്നാനത്തിനു വരുന്ന വ്യക്തി ക്രിസ്ത്യാനിയായി പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്നു. അതു സ്നാനപ്പെടുന്ന വ്യക്തിയുടെ മനോഭാവമോ അവസ്ഥയോ നോക്കിയല്ല. ഇതു വാസ്തവമല്ലെങ്കിൽ, ദൈവം സ്നാനപ്പെടുന്നവരുടേയും, നിബന്ധനകൾക്കു വിധേയമായിട്ടാണ്, രക്ഷയെന്നു പറയണം. അതു ദൈവ വചനത്തിൽ ഒരിടത്തും പഠിപ്പിക്കുന്നില്ല.

### ഉപസംഹാരം

മതപരമായ ലോകത്തിൽ സ്നാനമെന്നു വിളിക്കുന്ന എല്ലാ സ്നാനവും ബൈബിളിലെ ഏക സ്നാനമല്ല (എഫെസ്യർ 4:5). യേശുവിന്റെ രക്തത്താൽ പാപമോചനം ലഭിക്കുമെന്ന വിശ്വാസ ത്താൽ ഹൃദയപൂർവ്വം അനുസരിക്കേണ്ടതാണ് സ്നാനം. പഴയ പാപജീവിതം മരിപ്പിക്കുവാനും ക്രിസ്തുവിനുവേണ്ടി പുതിയ ജീവിതം നയിക്കുവാനുമുള്ള സമർപ്പണമാണത്. സ്നാനത്തെ അന്ധമായ അനുസരണമായി പഠിപ്പിക്കുന്ന ഏതൊരു ഉപദേശവും സ്നാനത്തെ വിലയില്ലാത്തതായി മാറ്റുന്നു. യേശുവിന്റെ രക്തത്തിലുള്ള

വിശ്വാസത്തേയും ജീവിതമാറ്റ - സമർപ്പണത്തേയും മാറ്റി നിർത്തുന്ന സ്നാനം വെറും ചടങ്ങു മാത്രമായി തീരുന്നു. സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെട്ടവർ പാപം മോചിച്ചു കിട്ടി പുതിയ യജമാനനു വേണ്ടി പുതിയ സേവന ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരാണ്. തങ്ങളുടെ ജീവിതം ഇപ്രകാരം കർത്താ വിനു സമർപ്പിച്ചിട്ടില്ലാത്തവർ പുതിയ നിയമസ്നാനം, സ്വീകരിക്കണം, ബൈബിളിലെ ഏക സത്യസ്നാനം.

---

കുറിപ്പുകൾ

[1]ഹ്യൂഗോ മെക്കോർഡ്, *ന്യൂ ടെസ്റ്റമെന്റ്* (ഹെന്റർസൺ, ടെനാസി: ഫ്രീഡ് - ഹാർഡ് മാൻ കോളേജ്, 1988), 520. [2]റോബർട്ട് ഡബ്ലിയു. ഫങ്ക്, *എ ഗ്രീക്ക് ഗ്രാമർ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്* (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രെസ്, 1961), 174. [3]ജി. ആർ ബെസ്‌ലെ - മുറെ, *ബാപ്റ്റിസം ഇൻ ദി ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയൂഎം.ബി. എർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി, 1977), 87. [4]ഇബിഡ്., 103. [5]ഇബിഡ്., 272. [6]ജെയ്. പി. ഗ്രീൻ, *എ ലിറ്ററൽ ട്രാൻസിലേഷൻ ഓഫ് ദി ബൈബിൾ* (പീബോഡി, മാസ്സ്.: ഹെൻറിക്സൺ, 1987), 495. [7]ഫ്രാൻസിസ് ഡേവിഡ്സൺ, അലൻ എം. സ്റ്റിബ്സ്, ആന്റ് ഏണെസ്റ്റ് ഫ്രെഡറിക് കെവൻ, *ദി ന്യൂ ബൈബിൾ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മിക്ക്.: ഡബ്ലിയൂഎം. ബി. എഡ്മാൻസ് പബ്ലിഷിംങ്ങ് കമ്പനി, 1954), 448. [8]നോക്കുക എ. ഒപേയ്ക്, *"ബാപ്റ്റോ," ഇൻ തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്*, ed. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്. ആന്റ് ed. ജിയോഫ്രെ ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മിക്ക്.: ഡബ്ലിയൂ. ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1964), 1:545; വാൾട്ടർ ബാവർ, *ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർളി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 2d. ed. rev. വില്ല്യം എഫ് അർനറ്റ് എഫ് വിൽബർ ജിൻജ് റിച്ച് ആന്റ് ഫ്രെഡറിക് ഡബ്ലിയു ഡാങ്കർ (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രെസ്, 1979), 131. [9]*കൺഫ്രാട്ടേണിറ്റി ട്രാസ്സിലേഷൻ ഓഫ് ദി ബൈബിൾ*, സെന്റ് ജോസഫ് ed. (ന്യൂയോർക്ക്: കാത്ത്ലിക് ബുക്ക് പബ്ലിഷിങ്ങ് കമ്പനി, 1963), 163. [10]ദി ന്യൂ ടെസ്റ്റമെന്റ് ഓഫ് ദി ജെറുശലേം ബൈബിൾ (ഗാർഡെൻ സിറ്റി, ന്യൂയോർക്ക്.: ഡബിൾഡെ ആന്റ് കമ്പനി, 1966), 177.